ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിർവ്വാഹമില്ല. (പുതുപ്പാടി പഞ്ചായത്താഫീസിനു മുൻപിൽ നിലവിൽ ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ നിറുത്തുന്നുണ്ട്. പ്രസ്തുത സ്ഥലത്തു നിന്നും മഖാമിലേക്കുള്ള ദൂരം കേവലം 200 മീറ്റർ മാത്രമാണ്)

57 (3382) രാത്രി പത്തുമണിക്കുശേഷം ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സ്റ്റോപ്പുകൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ രാത്രി 10 മണിക്കുശേഷം യാത്രക്കാർ ആവശ്യപ്പെടുന്ന സ്റ്റോപ്പുകളിൽ നിറുത്തിക്കൊടുക്കണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ എല്ലാത്തരം സർവ്വീസുകളും രാത്രി പത്തുമണിക്കുശേഷം രാവിലെ 6 മണിവരെ യാത്രക്കാർ ആവശ്യപ്പെടുന്ന പ്രധാന സ്ഥലങ്ങളിൽ നിറുത്തിക്കൊടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഇതോടൊപ്പം ചേർത്തിരിക്കുന്നു.†

(സി) ചോദ്യം ഉദിക്കുന്നില്ല.

58 (3383) പി.എം.ജി.യിൽ എക്സ്പ്രസ് ബസ്സുകൾക്ക് സ്റ്റോപ്പ്

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരവധി കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകൾ ചുറ്റുപാടും സ്ഥിതിചെയ്യുന്ന തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിൽ കെ.എസ്. ആർ.ടി.സി.യുടെ ലിമിറ്റഡ് സ്റ്റോപ്പ്, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്രസ് ഉൾപ്പെടെയുള്ള ദീർഘദൂര സർവ്വീസുകൾക്ക് സ്റ്റോപ്പില്ല എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പില്ലാത്തതുമൂലം യാത്രക്കാരായ ഉദ്യോഗസ്ഥർക്കും മറ്റും ബുദ്ധിമുട്ട് അനുഭവപ്പെടുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ പി.എം.ജി. ജംഗ്ഷനിൽ മേൽപ്പറഞ്ഞ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി.എം.ജി. ജംഗ്ഷനിൽ വടക്കോട്ട് പോകുന്ന എല്ലാത്തരം സർവ്വീസുകൾക്കും (എൻ.എച്ച്, എം.സി. റോഡ്) സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തേക്കുവരുന്ന സർവ്വീസുകൾക്ക് പാളയത്താണ് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് തുടങ്ങിയ അപ്പർ ക്ലാസ് സർവീസുകൾക്ക് അടുത്തടുത്ത് സ്റ്റോപ്പ് അനുവദിക്കാൻ കഴിയുകയില്ല. നിലവിൽ പാളയത്ത് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

59 (3384) വാടകയ്ക്കു കൊടുത്തിട്ടുള്ള കെ.എസ്.ആർ.ടി.സി. സ്റ്റാളുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യുടെ എത്ര സ്റ്റാളുകൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇനത്തിൽ പ്രതിവർഷം എന്തു വരുമാനമാണ് പ്രതീക്ഷിക്കുന്നത്; ഇതിൽ എത്ര തുക പിരിഞ്ഞുകിട്ടുന്നുണ്ടെന്നു വെളിപ്പെടുത്തുമോ;

(സി) കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒട്ടാകെ കെ.എസ്.ആർ.ടി.സിയുടെ ബസ്സ് സ്റ്റേഷനുകളിൽ 174 സ്റ്റാളുകൾ വാടകയ്ക്കു കൊടുത്തിട്ടുണ്ട്.

(ബി) എല്ലാ സ്റ്റാളുകളും ലേലം ചെയ്തു കൊടുത്താൽ പ്രതിവർഷം ഒന്നരകോടി രൂപയോളം കിട്ടുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ കോടതി ഇടപെടലുകൾ നിമിത്തം ചില സ്റ്റാളുകളുടെ ലൈസൻസ് ഫീസ് കൃത്യസമയത്ത് ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly